(ബി) പുനരുദ്ധാരണത്തിനുശേഷം കമ്പനിയുടെ പ്രവർത്തനം ഉദ്ദേശിച്ചമാതിരിയിൽ പുരോഗമിച്ചിട്ടില്ല. ചില സാങ്കേതിക കാരണങ്ങളാൽ സർക്കാർ അനുവദിച്ച വെള്ള മരങ്ങൾ മൂന്നാർ കൂപ്പിൽ നിന്നും വെട്ടിയെടുക്കുവാൻ പറ്റാതെ വന്നതിനാലാണ് പുനരുദ്ധാരണ പ്രവർത്തനം ഉദ്ദേശിച്ചമാതിരിയിൽ പുരോഗമിക്കാത്തത്.

(സി) കമ്പനിയുടെ സമഗ്രപുരോഗതിക്ക് വൈവിദ്ധ്യവൽക്കരണം ആവശ്യമാണ്. ഒരു പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നകാര്യം കമ്പനിയുടെ പരിഗണനയിലുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ പ്ലൈവുഡ് ഉല്പന്നങ്ങൾ വാങ്ങുമ്പോൾ ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന് മുൻഗണന നൽകാം എന്ന കാര്യത്തിൽ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി./ചീഫ് എക്സിക്യൂട്ടീവ് നിയമനങ്ങളിലെ സംവരണം

28 (2825)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. ചീഫ് എക്സിക്യൂട്ടീവ് ആയി നിയമിക്കുന്നതിന് ബ്യൂറോ ഓഫ് പബ്ളിക് എന്റർപ്രൈസസ് അപേക്ഷ ക്ഷണിച്ച് റാങ്ക്ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന 7 പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.ചീഫ് എക്സിക്യൂട്ടീവ് നിയമനത്തിന് പബ്ളിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് അപേക്ഷ ക്ഷണിച്ച് പാനൽ തയ്യാറാക്കിയിട്ടുണ്ട്.

1. കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് - എം.ഡി.

2. കേരളാ സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് - എം.ഡി.

3. ആട്ടോകാസ്റ്റ് ലിമിറ്റഡ് - എം.ഡി.

4. സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് - എം.ഡി.

5. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് - എം.ഡി. & ഡയറക്ടർ (ഫിനാൻസ്).

6. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്. - എം.ഡി.

LIBRARY ARCHIVES Kerala Legislative Assembly

7. കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്-ഡെവലപ്:കോർപ്പ് ലിമിറ്റഡ് - ഡയറക്ടർ (ഫിനാൻസ്).

(സി)&(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി./ചീഫ് എക്സിക്യൂട്ടീവ് തസ്തികകളിലേക്കുള്ള നിയമനം കരാർ അടിസ്ഥാനത്തിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ആണ് നടത്തുന്നത്. ഇവർ അതാതു സ്ഥാപനത്തിലെ റഗുലർ കേഡറിൽപ്പെട്ട ജീവനക്കാർ അല്ലാത്തതിനാൽ ഇവരുടെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറില്ല.

സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

29 (2826) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം; ഈ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പകരം തൊഴിൽ നൽകിയിട്ടുണ്ടോ; നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാം;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ നിയമനത്തിന് ഇന്ന് തുടർന്നുവരുന്ന നടപടികൾ എന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് വിവരം അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്. [†]ചാലക്കുടി റിഫ്രാക്ടറീസ്. കേരള പ്രീമോപൈപ്പ് ഫാക്ടറി, കെൽട്രോൺ പവർ ഡിവൈസസ് എന്നിവയിലെ ബഹുഭൂരിപക്ഷം തൊഴിലാളികളും വാളണ്ടറി റിട്ടയർമെന്റ് പദ്ധതിപ്രകാരം പിരിഞ്ഞുപോയിട്ടുള്ളവരാണ്. കെൽട്രോൺ പവർ ഡിവൈസസിലെ വാളണ്ടറി റിട്ടയർമെന്റ് സ്കീം ഓപ്റ്റ് ചെയ്യാത്ത ജീവനക്കാർക്ക് പകരം തൊഴിൽ നൽകിവരുന്നു. ബാക്കിയുള്ള കമ്പനികളുടെ വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ചീഫ് എക്സിക്യൂട്ടീവ്, ഫംഗ്ഷണൽ ഡയറക്ടർ ഒഴികെയുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നത് അതാത് സ്ഥാപനങ്ങൾ തന്നെയാണ്. ഓരോ തസ്തികയും ഫീഡർ തസ്തികകൾ ഉണ്ടെങ്കിൽ അതിൽ നിശ്ചിത യോഗ്യതയുള്ളവരെ പ്രൊമോഷൻമൂലവും അല്ലെങ്കിൽ നേരിട്ടുമാണ് നിയമിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം പ്രൊമോഷൻ നൽകേണ്ടത് മെറിറ്റിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിലാണ്. പ്രൊമോഷനുള്ള പാനൽ തയ്യാറാക്കുന്നത് 3-ൽ കുറയാത്ത അംഗങ്ങളുള്ള ഡയറക്ടർ ബോർഡിന്റെ സബ് കമ്മറ്റിയാണ്. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ അനുശാസിക്കുന്ന നിയമനങ്ങൾക്ക് ഗവൺമെന്റിന്റെ അനുമതിയും നേടേണ്ടതാണ്. നേരിട്ടുള്ള നിയമനമാണെങ്കിൽ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പത്രപരസ്യംമൂലവും കിട്ടുന്ന അപേക്ഷകളിൽ നിന്നുവേണം നിയമനം നടത്തുവാൻ. നിയമനം നടത്തുന്നത് ബോർഡ് ഓഫ് ഡയറക്ടർസിന്റെ 3-ൽ കുറയാത്ത അംഗങ്ങളുള്ള കമ്മിറ്റിയുടെ തീരുമാന പ്രകാരമായിരിക്ക

[†] അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly